ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ആ നിർദ്ദേശങ്ങളും എന്തെല്ലാമാണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജോൺ : അതു ഡിലിമിറ്റേഷൻ നടത്തുന്നതിനെ സംബന്ധിച്ചു നിർദ്ദേശങ്ങളാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഇവിടെനിന്നും ഇലക്ഷൻ കമ്മീഷനു അയച്ചുകൊടുത്തിട്ടുള്ളതു എതെല്ലാം നിർദ്ദേശങ്ങളാണു് ?

ശ്രീ. എ. ജെ. ജോൺ : ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടും പാർലിമെൻറി കമ്മിറ്റിയുടെ റിപ്പോർട്ടും ഈ അസംബ്ലി അംഗീകരിച്ചു നിർദ്ദേശങ്ങളുമെല്ലാം ഇലക്ഷൻ കമ്മീഷനു അയച്ചുകൊടുത്തിട്ടുണ്ടു്.

ഡിലിമിറ്റേഷൻ കമ്മിറ്റി റിപ്പോർട്ടു്

*ക്വസ്റ്റ്യൻ. (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടു് തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറു് അംഗീകരിച്ചോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) : ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഈ റിപ്പോർട്ടു് ഗവണ്മെൻറിന്റെ പരിഗണനയ്ക്കു് വിധേയമായിട്ടു് എത്ര കാലമായി എന്നു പറയാമോ ?

ശ്രീ. എ. ജെ. ജോൺ : ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടു് പരിശോധിച്ചു് അവസാനമായി തീരുമാനം ചെയ്യാനുള്ള അധികാരം ഈ ഗവണ്മെൻറിനില്ല. അതു ഇലക്ഷൻ കമ്മീഷൻ ചെയ്യേണ്ട കാര്യമാണു്. അതുകൊണ്ടു് റിപ്പോർട്ടു് ഇലക്ഷൻ കമ്മീഷനു അയച്ചുകൊടുത്തിരിക്കയാണു്.

ശ്രീ. എ. താണുപിള്ള : ഡിലിമിറ്റേഷനെ സംബന്ധിച്ച അവസാന തീരുമാനമുണ്ടാകുന്നതിനു് എത്രകാലം വേണ്ടിവരുമെന്നു ഗവണ്മെൻറിനു വല്ല അറിവുമുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ഇതുവരെ യാതൊരു അറിവുമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള : ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിനെ അതേപടി അനുകൂലിച്ചുകൊണ്ടാണൊ ഗവണ്മെൻറു് റിപ്പോർട്ടയച്ചിട്ടുള്ളതു് ?

ശ്രീ. എ. ജെ. ജോൺ : അല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഡിലിമിറ്റേഷനെ സംബന്ധിച്ചു് പൊതുജനങ്ങൾക്കു ധാരാളം പരാതികളുണ്ടെന്നു അറിയാമോ ?

ശ്രീ. എ. ജെ. ജോൺ : അറിഞ്ഞുകൂടാ.

സെയിൽസു് ടാക്സു്

*ക്വസ്റ്റ്യൻ. (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ക്വസ്റ്റ് ൪൦-ൽ തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിനു് സെയിൽസ്ടാക്സു്മൂലം എത്ര രൂപാ കിട്ടി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മദ്യനിരോധനത്തിൽനിന്നുണ്ടാകുന്ന നഷ്ടംകൂടി പരിഹരിക്കുന്നതിനല്ലേ സെയിൽസ്ടാക്സ് ഏർപ്പെടുത്തിയതു് ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഫ,വ ളു,ന ം,ന ഴ വ ഉറപ്പിക.

(ബി) അതേ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഫൻ ള ം-ൽ പ്രൊഹിബിഷൻ ഏർപ്പെടുത്തിയതുമൂലം എത്ര രൂപ നഷ്ടം വന്നിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. എ. ജെ. ജോൺ : അതു കണക്കുനോക്കാതെ പറയാൻ സാധ്യമല്ല.

ഗൃഹനിർമ്മാണപദ്ധതി

* ഫ ഫൻ ൎ. (൪) ശ്രീമതി ദേവകീഗോപിദാസു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) ആലപ്പുഴ പട്ടണത്തിൽ സ്വന്തമായി സ്ഥലമില്ലാത്തവർ എത്ര; സ്വന്തമായി വീടുകൾ ഇല്ലാത്തവർ എത്ര ;

(ബി) ഗൃഹനിർമ്മാണപദ്ധതിയനുസരിച്ചു് ആലപ്പുഴ പട്ടണത്തിൽ എത്ര ഗൃഹങ്ങൾ നിർമ്മിക്കാമെന്നാണു് ഗവർമ്മെൻറു് നിശ്ചയിച്ചിട്ടുള്ളതു് ;

(സി) അതിൽ എത്ര എണ്ണം തീർന്നു ; തീർന്നതിൽ എത്രയെണ്ണം വാടകയ്ക്കു കൊടുത്തു ?

വിദ്യാഭ്യാസവും, കൃഷിയും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കണക്കുകൾ ശേഖരിച്ചുവരികയാണു്.

(ബി) തല്ക്കാലം മുനിസിപ്പൽ തൊഴിലാളികൾക്കുവേണ്ടി ൨൫ വീടുകൾ നിർമ്മിച്ചിട്ടുണ്ടു്. പദ്ധതി പുരോഗമിക്കുന്നതോടുകൂടി കൂടുതൽ വീടുകൾ നിർമ്മിക്കുന്നതായിരിക്കും. ഇപ്പോൾ എണ്ണം ക്ലിപ്തപ്പെടുത്തി പറയുവാൻ നിവൃത്തിയില്ല.

(സി) ൨൫ എണ്ണം തീർത്തു മുനിസിപ്പാലിറ്റിയെ ഏല്പിച്ചിട്ടുണ്ടു്.

ശ്രീമതി ദേവകീ ഗോപിദാസു് : ആലപ്പുഴ പട്ടണത്തിൽ ഉണ്ടാക്കിയിട്ടുള്ള വീടുകളിൽ ഹരിജനങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ളതു് എത്രയെണ്ണമാണു് ?

ശ്രീ. ടി. കെ. നാരായണപിള്ള : മുനിസിപ്പാലിറ്റിയിലെ ജോലിക്കാർക്കുവേണ്ടിയാണു് അവ പണിതിട്ടുള്ളതു്. അവരുടെ കൂട്ടത്തിൽ ഹരിജനങ്ങളുമുണ്ടായിരിക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഈ വീടുകൾ മുനിസിപ്പാലിറ്റിയെ ഏല്പിച്ചിട്ടു് എത്രകാലമായി ?

ശ്രീ. ടി. കെ. നാരായണപിള്ള : നാലഞ്ചുമാസമായിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഇതിനകം ആക്കെങ്കിലും വീടുകൾ താമസത്തിനു കൊടുത്തിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : പണിതു മുനിസിപ്പാലിറ്റിയെ ഏല്പിച്ചിട്ടുണ്ടു്. അതു താമസത്തിനു കൊടുക്കുന്നതു മുനിസിപ്പാലിറ്റി ചെയ്യേണ്ടതാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : മുനിസിപ്പാലിറ്റി ആക്കെങ്കിലും കൊടുത്തിട്ടുണ്ടോ ഇല്ലയോയെന്നു ഗവർമ്മെൻറു് അന്വേഷിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly